**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2874** **10-03-2025 - ൽ മറുപടിയ്ക്ക്**

**കുളത്തൂർ ആവലുങ്കാലിൽ നിന്ന് വനം വകുപ്പ് പിടികൂടിയ പുലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോട് കുളത്തൂർ ആവലുങ്കാലിൽ നിന്ന് വനം വകുപ്പ് പുലിയെ പിടികൂടിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമ പഞ്ചായത്തിലെ വിവിധ ജനവാസമേഖലകളിൽ പുള്ളിപ്പുലി വളർത്തുമൃഗങ്ങളെ ആക്രമിച്ചതിനെത്തുടർന്ന് നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി (NTCA) നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടേയും നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടേയും ശുപാർശകളുടേയും അടിസ്ഥാനത്തിൽ 1972 ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (a) വകുപ്പ പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 10/02/2025 ലെ ഉത്തരവ് പ്രകാരം മേൽ പഞ്ചായത്തിലെ കുളത്തൂർ വില്ലേജിൽ നിന്നും പുള്ളിപ്പുലിയെ കൂട് വച്ച് പിടികൂടിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എപ്പോഴാണ് പിടികൂടിയതെന്നും പുലിയെ എന്തു ചെയ്തുവെന്നും വ്യക്തമാക്കാമോ; | (ബി) | 23/02/2025 ന് രാത്രി ആണ് വനം വകുപ്പ് സ്ഥാപിച്ച കൂട്ടിൽ പുള്ളിപ്പുലി കുടുങ്ങിയത്. തുടന്ന് NTCA യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവ് പ്രകാരവും കണ്ണൂർ ഫോറസ്റ്റ് വെറ്ററിനറി സർജൻ പരിശോധിച്ച് ടി പുള്ളിപ്പുലിയുടെ ആരോഗ്യസ്ഥിതി തൃപ്തികരമാണെന്ന് കണ്ട് ഹെൽത്ത് ആന്റ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുകയും അതിനെ തുടർന്ന് പിടികൂടിയ പുള്ളിപ്പുലിയെ സുരക്ഷിതമായി ഉൾവനത്തിൽ അതിന് അനുയോജ്യമായ ആവാസവ്യവസ്ഥയിൽ തുറന്നുവിട്ടിട്ടുണ്ട്. |
| (സി) | പുലിയോ കടുവയോ പിടിയിലായാൽ ജനവാസ മേഖലകളിൽ നിന്ന് എത്ര ദൂരം അകലെയുള്ള ഉൾക്കാടുകളിൽ തുറന്നു വിടണമെന്നാണ് നിയമമെന്ന് വ്യക്തമാക്കാമോ; | (സി) | നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും പിടികൂടുന്ന ആരോഗ്യമുള്ള പുലികളെ ഉൾക്കാട്ടിൽ അവയ്ക്ക് ഏറ്റവും അനുയോജ്യമായ അതിന്റെ ആവാസവ്യവസ്ഥയിൽ തുറന്ന് വിടണമെന്ന് നിഷ്കർഷിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | കുളത്തൂർ ആവലുങ്കാലിൽ നിന്ന് പിടികൂടിയ പുലിയെ തുറന്നു വിട്ടത് ഈ നിയമം അനുസരിച്ചാണോ എന്ന് വ്യക്തമാക്കാമോ; | (ഡി) | അതെ. കുളത്തൂരിൽ നിന്നും പിടികൂടിയ പുള്ളിപ്പുലിയെ NTCA യുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് അതിന് അനുയോജ്യമായ ആവാസസ്ഥലത്താണ് തുറന്നുവിട്ടിട്ടുള്ളത്. |
| (ഇ) | ജനവാസമേഖലകളിൽ നിന്ന് പിടികൂടിയ പുലികളെ അകലെയുള്ള ഉൾക്കാട്ടുകളിലോ അല്ലെങ്കിൽ വന്യജീവി സങ്കേതത്തിലോ കൊണ്ടു പോയി തുറന്നു വിടണമെന്നുണ്ടോ; വ്യക്തമാക്കാമോ; | (ഇ) | ജനവാസമേഖലയിൽ നിന്നും പിടികൂടുന്ന ആരോഗ്യമുള്ള പുള്ളിപ്പുലികളെ നിലവിലെ വന്യജീവി (സംരക്ഷണം) നിയമപ്രകാരവും NTCA പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചും അവയ്ക്ക് ഏറ്റവും അനുയോജ്യമായ അതിന്റെ ആവാസവ്യവസ്ഥയിൽ തുറന്ന് വിടണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. |
| (എഫ്) | സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എഫ്) | സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ജി) | ഈ കേന്ദ്രങ്ങളിലേയ്ക്ക് പിടികൂടിയ പുലികളെ കൊണ്ടു പോകാൻ വരുന്ന ചെലവ് എത്രയാണെന്നും ഇത് ആരു വഹിക്കുമെന്നും വ്യക്തമാക്കാമോ? | (ജി) | ഇത്തരം ചെലവുകൾ ഓരോ തവണയും വ്യത്യസ്ഥമാണ്. ഇത്തരത്തിലുള്ള സംഭവങ്ങൾ വ്യത്യസ്ഥ സ്ഥലങ്ങളിൽ വ്യത്യസ്ഥ സാഹചര്യങ്ങളിൽ അവചാരിതമായി സംഭവിക്കുമ്പോൾ അടിയന്തര സാഹചര്യമായതിനാൽ വനംവകുപ്പിന് ലഭ്യമായ ഫണ്ടിൽ നിന്നും തുക വിനിയോഗിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ